# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 122 — 06.01.2014-ൽ മറുപടിയ്ക്ക്

## സ്റ്റുഡന്റ്സ് അഗ്രികൾച്ചർ ഫോറസ്റ്റേഷൻ പ്രോഗ്രാം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. എ. മാധവൻ<br>,, അൻവർ സാദത്ത്<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, ഹൈബി ഈഡൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വനം വകുപ്പിന്റെ നേതൃത്വത്തിൽ സ്റ്റുഡന്റ്സ് അഗ്രികൾച്ചർ ഫോറസ്റ്റേഷൻ പ്രോഗ്രാമിന് രൂപം നൽകിയിട്ടുണ്ടോ ; | എ) ഹരിതകേരളം അഞ്ചാം ഘട്ട പദ്ധതിയുടെയും ലോക പരിസ്ഥിതി ദിനാഘോഷത്തിന്റെയും ഉദ്ഘാടനം തിരുവനന്തപുരം - നാലാഞ്ചിറ സർവ്വോദയ വിദ്യാലയത്തിൽ വെച്ച് നിർവ്വഹിക്കവേ, എൻ.സി.സി, എൻ.എസ്.എസ്. എന്നീ സംഘടനകളിൽ പ്രവർത്തിച്ചുവരുന്ന വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസ്സിലെ അന്തിമ പരീക്ഷയ്ക്ക് ലഭിച്ചുവരുന്നതുപോലെയുള്ള ഗ്രേസ് മാർക്ക്, 'എന്റെ മരം' പദ്ധതിയിൽ ഉൾപ്പെടുത്തി വൃക്ഷതൈകൾ നട്ടുപിടിപ്പിച്ച് പരിപാലിക്കുന്ന വിദ്യാർത്ഥികൾക്കുകൂടി ലഭ്യമാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചു. ഇത് സംബന്ധിച്ച ശുപാർശ പരിശോധിച്ചുവരുന്നു |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് , വിശദാംശങ്ങൾ എന്തെല്ലാം ; | ബി) എന്റെ മരം പദ്ധതിയിൽ വൃക്ഷം നട്ടുവളർത്തുന്ന വിദ്യാർത്ഥിക്ക് 10-ാം ക്ലാസ്സ് പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് നൽകുവാൻ വിഭാവനം ചെയ്തിരുന്ന ടി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. ഭൂമിയെ ഹരിതാഭമാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി വിദ്യാർത്ഥികളിൽ അവബോധം വളർത്തുക.<br>2. വ്യക്തിയും ഭൂമിയും തമ്മിലുള്ള ബന്ധം വളർത്തുന്നതിന് സഹായിക്കുക.<br>3. വൃക്ഷങ്ങൾ നടേണ്ടതിന്റെ ആവശ്യകത വിദ്യാർത്ഥികൾക്ക് ബോധ്യപ്പെടുത്തുക.<br>4 കുടുംബത്തിനാവശ്യമായതിന്റെ ഒരു ഭാഗമെങ്കിലും പച്ചക്കറികൾ സ്വയം കൃഷിചെയ്യുന്നത് പ്രോത്സാഹിപ്പിക്കുക.<br>5. ഹരിതവൽക്കരണത്തിനെ പ്രോത്സാഹിപ്പിക്കുന്നതിനായി ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുക. |

| | |
|---|---|
| സി) സ്കൂൾ കുട്ടികൾക്ക് കൃഷിയിലും വനവത്കരണത്തിലും പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ . | സി) വിദ്യാർത്ഥികൾക്ക് എന്റെ മരം പദ്ധതിയിൽ ഉൾപ്പെടുത്തി വൃക്ഷത്തൈകൾ സൗജന്യമായി വിതരണം ചെയ്യുകയും, അവരെക്കൊണ്ട് അത് നട്ടുവളർത്തുന്നതിനും തുടർ പരിപാലനം നടത്തുന്നതിനും വേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകുകയും തുടർന്ന് ബന്ധപ്പെട്ട വിദ്യാർത്ഥി 10-ാം ക്ലാസ്സു വരെയും അവയെ പരിപാലിക്കുകയും, നിരീക്ഷണഫലങ്ങൾ ഇക്കാര്യത്തിലേക്ക് പ്രത്യേകം നൽകപ്പെടുന്ന ഡോക്യുമെന്റേഷൻ കാർഡിൽ രേഖപ്പെടുത്തുകയും, തുടർന്ന് ടി വൃക്ഷങ്ങളുടെ നിലവിലുള്ള അവസ്ഥയെപ്പറ്റി വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന വിലയിരുത്തിലിന്മേൽ ആവശ്യമെങ്കിൽ Random verification നടത്തി, ഗ്രേസ് മാർക്ക് നൽകുന്ന പ്രക്രിയയെ സുഗമമാക്കുക എന്നതു മാത്രമാണ് വനം വകുപ്പിന്റെ ഭാഗത്തുനിന്നും ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് |
| ഡി) സ്കൂളുകളിൽ ഈ പ്രോഗ്രാം ഈ അദ്ധ്യയന വർഷം മുതൽ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ , വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ